"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില)-യുടെ 2026-27 സാമ്പത്തികവർഷത്തെ പദ്ധതികൾക്ക് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി)വകുപ്പ്**

സ.ഉ.(സാധാ) നം.1081/2026/LSGD തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.938/2024/തസ്വഭവ തീയതി.30.05.2024

2. കില ഡയറക്ടർ ജനറലിന്റെ 18.03.2026 തീയതിയിലെ 2025/5827/HQ നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന്റെ ഭാഗമായുള്ള പരിശീലനങ്ങളും അനുബന്ധ പരിപാടികളും നടത്തി വരുന്ന കിലയ്ക്ക് 2026-27 സാമ്പത്തികവർഷത്തേക്ക് 32.50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷർ ഉൾപ്പെടെ 23,612 ജനപ്രതിനിധികളിൽ ഭൂരിഭാഗവും മുൻപരിചയം ഇല്ലാത്തവർ ആയതിനാൽ സാമ്പത്തികവർഷത്തിന്റെ തുടക്കം മുതൽ തന്നെ പരിശീലനം നടത്തേണ്ടതുണ്ടെന്നും, ആയതിലേക്കായി 2026 ഏപ്രിൽ മുതൽ വിശദമായ പരിശീലന കലണ്ടർ കില തയ്യാറാക്കിയിട്ടുണ്ടെന്നും ഇതു കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി വഴി പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറിമാരുടെ ഇൻഡക്ഷൻ പരിശീലനം നിലവിൽ നടന്നു വരികയാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്നും ഈ സാഹചര്യത്തിൽ പരിശീലന പദ്ധതികൾ മുടക്കം കൂടാതെ നടക്കുന്നതിനും വിദ്യാർത്ഥികളുടെ അദ്ധ്യയനം തടസ്സപ്പെടാതിരിക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും കിലയ്ക്ക് സാമ്പത്തിക വിഭവ ലഭ്യത ആവശ്യമുണ്ടെന്നും ആയതിനാൽ പരാമർശം(1) ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി സംസ്ഥാന ബജറ്റിൽ

കിലയ്ക്ക് കാര്യശേഷി വികസനം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് മുൻകൂർ ഭരണാനുമതി നൽകിയിരുന്നതു പോലെ വർക്കിംഗ് ഗ്രൂപ്പ് സാധൂകരണത്തിന് വിധേയമായി 32.50 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കി ആദ്യ ഗഡുവായി 3 കോടി രൂപ ഡയറക്ടർ ജനറലിന്റെ പേരിലുള്ള തൃശ്ശൂർ ജില്ലാ ട്രഷറി അക്കൗണ്ടിലേക്ക് (നം: 7990102700000132) അനുവദിച്ചു തരണമെന്നും കില ഡയറക്ടർ ജനറൽ പരാമർശം(2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ കാര്യശേഷി വികസനം, മറ്റ് അനുബന്ധ ചെലവുകൾക്കുമായി 2515-00-003-99-36(P) ശീർഷകത്തിൽ നിന്നും 3 കോടി രൂപ കിലയുടെ PSTSB അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം: 7990102700000132) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
ട്രഷറി ഓഫീസർ,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
ധനകാര്യ(WCD)വകുപ്പ് (E No.3479309/WCD-3/88/2026-FIN dated 21.05.2026 പ്രകാരം)
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 01-06-2026 11:24:37
സെക്ഷൻ ഓഫീസർ